ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 08.08.2026 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ ആൻഡമാൻ നിക്കോബാർ ദ്വീപ് സന്ദർശനത്തിന് ഇന്ന് തുടക്കം.

   **Vice President C.P. Radhakrishnan to begins two-day visit to Andaman and Nicobar Islands today.**

2. യുവജനങ്ങൾ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐ.ഐ.ടി ഡൽഹിയുടെ ബിരുദദാന ചടങ്ങിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

   **Youth should turn challenges into opportunities, says PM Narendra Modi. PM addresses IIT Delhi Convocation.**

3. ഇന്ത്യയുടെ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ഫലപ്രദമായ നടപടികൾ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി.

   **Government committed to ensuring effective measures to strengthen nation's education sector says Union Education Minister Pralhad Joshi.**

4. ഝാർഖണ്ഡിൽ പരീക്ഷക ക്രമക്കേടുകൾ ആരോപിച്ച് പ്രതിഷേധിക്കുന്നവരുമായി ചർച്ച നടത്തി സംസ്ഥാന സർക്കാർ.

   **Jharkhand Government holds first formal talks with protesting students' over alleged irregularities in recruitment examinations.**

5. കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത, കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യ ബന്ധനത്തിന് വിലക്ക്.

   **Widespread rain likely in Kerala today; Orange alert in seven districts; Fishing banned along Kerala, Karnataka, and Lakshadweep coasts.**

6. ലോക അത്ലറ്റിക്സ് അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ പുരുഷ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ ആശിഷ് യാദവിന് വെള്ളി.

   **India's Ashish Yadav wins silver in Men's Javelin Throw at World Athletics U20 Championships.**

&&&&&&&&&&&&&&&&&&&&&&&&

**VP – VISIT**

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണന്റെ രണ്ട് ദിവസത്തെ ആൻഡമാൻ നിക്കോബാർ ദ്വീപ് സന്ദർശനത്തിന് ഇന്ന് തുടക്കം. സെല്ലുലാർ ജയിലിലെ ദേശീയ സ്മാരകത്തിൽ രക്തസാക്ഷികൾക്ക് അദ്ദേഹം ഇന്ന് ശ്രദ്ധാഞ്ജലി അർപ്പിക്കും. നാളെ, ശ്രീ. വിജയ് പുരത്തിലെ ഫ്ലാഗ് പോയിന്റിൽ 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയിലും ഉപരാഷ്ട്രപതി പങ്കെടുക്കും. തുടർന്ന് നേതാജി സുഭാഷ് ചന്ദ്രബോസ് ദ്വീപും സന്ദർശിക്കും.

&&&&&&&&&&&&&&&&&&&&&&&&

**PM IIT DELHI CONVOCATION (INTRO)**

വെല്ലുവിളികൾക്ക് പുതിയ പരിഹാരങ്ങൾ കണ്ടെത്താൻ ധൈര്യം കാണിക്കുന്നവർക്ക്, ആ വെല്ലുവിളികൾ മികച്ച അവസരങ്ങളായി മാറുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഐ.ഐ.ടി ഡൽഹിയുടെ 57-ാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പഠിക്കാനുള്ള ആഗ്രഹത്തെയും അന്വേഷണതൃഷ്ണയെയും നിരന്തരം നിലനിർത്തണമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് ഇന്ത്യ എല്ലാ മേഖലയിലും സ്വയംപര്യാപ്തത കൈവരിക്കാനുള്ള തീവ്രശ്രമത്തിലാണ്. രാജ്യത്ത്

യുവജനങ്ങൾക്കായി പുതിയ മേഖലകൾ ഉയർന്നു വരികയാണെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&&&&&&&

## AMIT SHAH-NUCFDC OFFICE

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയ അർബൻ സഹകരണ സാമ്പത്തിക വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ പുതിയ ഓഫീസ് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. അർബൻ സഹകരണ ബാങ്ക് ഫെഡറേഷനുകളുടെയും ജില്ലാ അസോസിയേഷനുകളുടെയും പ്രതിനിധികളുമായി അദ്ദേഹം സംവദിക്കും. മേഖലയിലെ സൈബർ സുരക്ഷ, സാങ്കേതിക വിദ്യ എന്നിവ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്, NUCFDC യും ദേശീയ ഫൊറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ചടങ്ങിൽ കൈമാറും.

&&&&&&&&&&&&&&&&&&&&&&&&

## JOSHI- EDU MEETING

ഇന്ത്യയുടെ വിദ്യാഭ്യാസ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് സമയബന്ധിതവും ഫലപ്രദവുമായ പരിപാടികൾ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൾഹാദ് ജോഷി . പതിമൂന്നാമത് ബ്രിക്സ് വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുത്ത് ന്യൂഡൽഹിയിലേക്ക് മടങ്ങിയ കേന്ദ്ര മന്ത്രി ഇന്നലെ വിദ്യാഭ്യാസ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കിടെയാണ് അഭിപ്രായം പങ്കിട്ടത് . എല്ലാവരെയും ഉൾക്കൊള്ളുന്നതും, ഭാവിയിലേക്ക് തയ്യാറായതും, ആഗോളതലത്തിൽ മത്സരാധിഷ്ഠിതവുമായ ഒരു വിദ്യാഭ്യാസ സംവിധാനം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടുമായി സർക്കാർ മുന്നോട്ടുപോകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&&&&&

## JH STUDENT PROTEST

ഝാർഖണ്ഡിൽ പരീക്ഷകളിലെ ക്രമക്കേടുകൾ ആരോപിച്ച് പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളുമായും ഉദ്യോഗാർത്ഥികളുമായും സർക്കാർ ഇന്ന് ചർച്ച നടത്തി. റാഞ്ചിയിലെ സ്റ്റേറ്റ് ഗസ്റ്റ് ഹൗസിലായിരുന്നു യോഗം. വിദ്യാർത്ഥികളെയും ഉദ്യോഗാർത്ഥികളെയും പ്രതിനിധീകരിച്ച് എട്ടംഗ സംഘമാണ് സർക്കാർ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നത്.പരീക്ഷ ക്രമക്കേടുകൾക്കെതിരെ കഴിഞ്ഞ രണ്ടാഴ്ചയായി തലസ്ഥാനത്ത് നടന്നുവരുന്ന പ്രതിഷേധങ്ങൾക്ക് ശേഷമാണ് ഈ ചർച്ച.

&&&&&&&&&&&&&&&&&&&&&&&&

**MEA- BRIEFING**

വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിനെതിരെ വിവിധ രാജ്യങ്ങൾ ഉന്നയിച്ച എതിർപ്പുകൾ തള്ളി ഇന്ത്യ. നിയമനിർമ്മാണ കാര്യങ്ങൾ രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളാണെന്നും അതിൽ പാർലമെന്റാണ് തീരുമാനങ്ങൾ എടുക്കുന്നതെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. അമേരിക്ക ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾ വിദേശ ഫണ്ടിൻറെ ഒഴുക്ക് നിയന്ത്രിക്കുന്നുണ്ടെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&

**BRICS DELEGATES BHOPAL VISIT**

ഭോപ്പാലിൽ നടക്കുന്ന ബ്രിക്സ് സാംസ്കാരിക ഉച്ചകോടിയിൽ പങ്കെടുക്കുന്ന വിദേശപ്രതിനിധികൾ പൈതൃക പ്രദേശങ്ങളായ ഗോഹർ മഹൽ, ഇഖ്ബാൽ മൈതാനം, മോത്തി മസ്ജിദ് എന്നിവ സന്ദർശിച്ചു. ഭോപ്പാലിലെ വന്യജീവികളെയും സമ്പന്നമായ ജൈവവൈവിധ്യത്തെയും പ്രതിനിധികൾ അടുത്തറിഞ്ഞു. മധ്യപ്രദേശിന്റെ പ്രകൃതി, സാംസ്കാരിക പൈതൃകം ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കേണ്ടതിന്റെ ആവശ്യകത വിദേശ പ്രതിനിധികൾ എടുത്തുകാട്ടി.

&&&&&&&&&&&&&&&&&&&&&&&&

**RABINDRANATH THAKUR**

നൊബേൽ സമ്മാന ജേതാവും ദേശീയഗാന രചയിതാവുമായ രബീന്ദ്രനാഥ് ടാഗോറിന്റെ 85-ാം ചരമവാർഷിക ദിനത്തിൽ രാജ്യം ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുന്നു. 'ഗുരുദേവ്' എന്ന്

ജനപ്രിയനായി അറിയപ്പെടുന്ന ടാഗോർ 1941 ഓഗസ്റ്റ് 7-നാണ് അന്തരിച്ചത്. ഈ അവസരത്തിൽ പശ്ചിമ ബംഗാളിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും അനുസ്മരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

**KERALAM - ONAM SEASON**

കേരളത്തിൽ ഓണം പ്രമാണിച്ച് റെയിൽവേ പ്രഖ്യാപിച്ച പ്രത്യേക ട്രെയിൻ സർവീസുകളുടെ എണ്ണം 112 ആയി ഉയർന്നു. തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ നിന്നാണ് പ്രധാനമായും സർവീസുകൾ ക്രമീകരിച്ചിരിക്കുന്നത്. രാജ്യത്തിന്റെ കിഴക്കൻ മേഖലകളിലേക്കും ഓണം സ്പെഷ്യൽ സർവീസുകൾ ലഭ്യമാണ്. ഓഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 6 വരെ 112 പ്രത്യേക ട്രെയിൻ സർവീസുകളാണ് റെയിൽവേ ഇതുവരെ പ്രഖ്യാപിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&&&&&&&

**RAIN - KERALAM**

കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥക്കും സാധ്യതയുള്ളതിനാൽ കേരളം, കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യ ബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&&&&&&&

**KANNUR - RAIN (INTRO)**

കണ്ണൂർ മട്ടന്നൂരിനടുത്ത് കാരയിൽ കനാൽ തകർന്ന് നിരവധി വീടുകളിൽ വെള്ളം കയറി. കുടുംബാംഗങ്ങളെ മാറ്റിപ്പാർപ്പിച്ചു. **കൂടുതൽ വിവര ങ്ങളുമായി ആകാശവാണി ക ണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.... (വോയ്സ്)**

&&&&&&&&&&&&&&&&&&&&&&&&

**MULLAPERIYAR - SHUTTER**

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ ഷട്ടർ കാർഷികാവശ്യങ്ങൾക്കായി ഇന്ന് തുറക്കും. തമിഴ്നാട്ടിലെ കമ്പം താഴ്വരയിലെ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കാനാണ് ഷട്ടർ തുറക്കുന്നത്. 14,707 ഏക്കർ സ്ഥലത്തെ ഒന്നാം നെൽകൃഷിക്ക് ആവശ്യമായ ജലമാണ് അണക്കെട്ടിൽ നിന്ന് തുറന്നു വിടുന്നത്. തമിഴ്നാട് മന്ത്രി സിടിആർ നിർമൽ കുമാറിൻ്റെ നേതൃത്വത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&&&&&&&

## J AND K : AMARNATH YATRA SUSPENDED

മോശം കാലാവസ്ഥയും ജമ്മു-ശ്രീനഗർ ദേശീയ പാതയിലെ തടസ്സങ്ങളും കാരണം ജമ്മുവിൽ നിന്ന് ബാൽത്തലിലേക്കുള്ള അമർനാഥ് യാത്ര നിർത്തിവച്ചു. അതേസമയം ബാൽത്തലിൽ നിന്ന് വിശുദ്ധ ഗുഹാക്ഷേത്രത്തിലേക്കുള്ള യാത്ര പതിവുപോലെ തുടരും. ദർശനം നടത്തിയ യാത്രക്കാർക്ക് ബാൽത്തലിലേക്ക് പുറപ്പെട്ട് ജമ്മുവിലേക്ക് പോകാനും അനുവാദം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&

## HAR GHAR TIRANGA

രാജ്യം എൺപതാം സ്വാതന്ത്ര്യദിനാഘോഷത്തിലേക്ക് കടക്കുമ്പോൾ 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായി ദേശീയപതാകകളും തിരംഗ പ്രമേയമാക്കിയുള്ള അലങ്കാര വസ്തുക്കളും നിർമ്മിച്ച് ജമ്മുകശ്മീരിലെ ഉദ്ധംപൂരിലെ തയ്യൽ പരിശീലന കേന്ദ്രത്തിലെ വനിതകൾ. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നൈപുണ്യ വികസന പരിശീലനം നേടുന്ന 30 വനിതകളാണ് ഇതിൽ പങ്കാളികളാകുന്നത്. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന് പിന്തുണ നൽകുന്നതിനൊപ്പം പരിശീലനാർത്ഥികൾക്ക് പ്രായോഗിക തയ്യൽ പരിചയം ഉറപ്പാക്കാനും ഇതിലൂടെ സാധിക്കുന്നു.

&&&&&&&&&&&&&&&&&&&&&&&&

## ATHLETICS U20 CHAMP

അമേരിക്കയിലെ യൂജിനിൽ നടക്കുന്ന ലോക അത്ലറ്റിക്സ് അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ പുരുഷ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ ആശിഷ് യാദവിന് വെള്ളി മെഡൽ. 74.09 മീറ്റർ ദൂരം എറിഞ്ഞാണ്

വെള്ളി നേട്ടം. നീരജ് ചോപ്രയ്ക്ക് ശേഷം ലോക അത്ലറ്റിക്സ് അണ്ടർ 20 ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടുന്ന രണ്ടാമത്തെ ഇന്ത്യക്കാരനായി ആശിഷ് മാറി. ദക്ഷിണാഫ്രിക്കയുടെ ജാൻ-ഹെൻഡ്രിക് ഹെയ്ലാൻസിനാണ് സ്വർണ്ണം.

&&&&&&&&&&&&&&&&&&&&&&&&

## RUSSIA KYIV ATTACK

യുക്രെയ്ൻ തലസ്ഥാനമായ കീവിന് സമീപം റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ ഒരു കുട്ടിയുൾപ്പെടെ മൂന്ന് പേർ കൊല്ലപ്പെട്ടു. ഇന്ന് പുലർച്ചെ കീവിന്റെ കിഴക്കൻ മേഖലകളിലാണ് ആക്രമണമുണ്ടായത് അതേസമയം, യുക്രെയ്ൻ പ്രസിഡന്റ് വോളോഡിമിർ സെലെൻസ്കി തന്റെ പ്രഥമ സന്ദർശനത്തിനായി സെർബിയയിലെത്തി. യുക്രെയ്ന് കൂടുതൽ അന്താരാഷ്ട്ര പിന്തുണ ഉറപ്പാക്കാനാണ് സെലെൻസ്കിയുടെ ശ്രമം.

&&&&&&&&&&&&&&&&&&&&&&&&

## US SENATE BILL

റഷ്യൻ ഇന്ധനവും അവരുടെ പ്രധാന ഉപഭോക്തൃ രാജ്യങ്ങളേയും ഉപരോധിക്കുന്നതിനുള്ള ബില്ലിന് യുഎസ് സെനറ്റിന്റെ അംഗീകാരം. സാങ്ഷനിംഗ് ആക്റ്റ് ഓഫ് 2026 എന്ന് പുനർനാമകരണം ചെയ്ത ബിൽ പതിനൊന്നിനെതിരെ 86 വോട്ടുകൾക്കാണ് സെനറ്റ് അംഗീകരിച്ചത്. റഷ്യൻ എണ്ണയും വാതകവും ഇറക്കുമതി ചെയ്യുന്ന ആദ്യ അഞ്ച് രാജ്യങ്ങളിൽ നിന്നുള്ള സാധനങ്ങൾക്ക് 100 ശതമാനം തീരുവ ചുമത്താൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിനെ ഈ ബിൽ അനുവദിക്കും. ബില്ലിൽ ഒപ്പുവയ്ക്കുന്നതോടെ ഇന്ത്യ, ജപ്പാൻ, യൂറോപ്യൻ യൂണിയനിലെ ചില രാജ്യങ്ങൾ എന്നിവയുൾപ്പെടെ റഷ്യൻ ഊർജ്ജത്തിന്റെ പ്രധാന ഉപഭോക്താക്കളായ രാജ്യങ്ങൾക്ക് 100% വരെ തീരുവ ചുമത്താൻ അമേരിക്കയ്ക്ക് കഴിയും.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&